# മഹാത്മാഗാന്ധി സർവകലാശാല

പ്രിയദർശിനി ഹിൽസ് പി.ഒ. കോട്ടയം, കേരളം – 686 560

(കേരള സംസ്ഥാന നിയമസഭയുടെ 1985 ഏപ്രിൽ 17ലെ 3431/ലെജി. സി1/85/നിയമം നമ്പർ വിജ്ഞാപനപ്രകാരം സ്ഥാപിതമായത്)


Draft #1 of File 49838/AC A1/1/2019/REG SECT (PART-I) Approved by ASSISTANT REGISTRAR I (ACADEMIC) on 20-Mar-2020 03:57 PM - Page

49838/AC A1/1/REG SECT/REG SECT 20.03.2020

## പരിപത്രം

വിഷയം : കൊറോണ(കോവിഡ് 19)-സർവ്വകലാശാലയുടെ കീഴിലുള്ള പ്രൊഫഷണൽ കോളേജുകൾ ഉൾപ്പടെയുള്ള എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും നിയന്ത്രിത അവധി -അധ്യാപക-അനധ്യാപക ജീവനക്കാർക്കുള്ള - മാർഗ്ഗനിർദേശങ്ങൾ.

പരാമർശം:-1.പൊതുഭരണ(ഏകോപന)വകുപ്പിന്റെ 11.03.2020-ലെ സർക്കാർ ഉത്തരവ് നം .സ.ഉ(കെ) നം.41/2020/പൊ.ഭ.വ.

2. ഉന്നതവിദ്യാഭ്യാസ(കെ)വകുപ്പിന്റെ 14.03.2020 ലെ സർക്കാർ ഉത്തരവ് നം .സ.ഉ(സാധാ) നം.424/2020/ഉ.വി.വ

സംസ്ഥാനത്ത് കൊറോണ വൈറസ് (കോവിഡ് 19) ബാധയെ തുടർന്നുള്ള അടിയന്തിര സാഹചര്യം മുൻനിർത്തി സർവ്വകലാശാലയുടെ കീഴിൽ വരുന്ന പ്രൊഫഷണൽ കോളേജുകൾ ഉൾപ്പടെയുള്ള എല്ലാ കലാലയങ്ങൾക്കും 2020 മാർച്ച് 31 വരെ പരാമർശം(1) പ്രകാരം അവധി പ്രഖ്യാപിച്ചിരിക്കുന്നു. ടി കാലയളവിൽ യാതൊരുവിധ പഠന പ്രവർത്തനങ്ങളും, ട്യൂഷൻ ക്ലാസ്സുകൾ, സ്പെഷ്യൽ ക്ലാസുകൾ, അവധിക്കാല ക്ലാസുകൾ എന്നിവയും അനുവദിക്കുന്നതല്ല. പ്രസ്തുത ദിവസങ്ങളിൽ പ്രൊഫഷണൽ കോളേജുകൾ ഉൾപ്പടെയുള്ള എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെയും അധ്യാപക/ അനധ്യാപക ജീവനക്കാർ പരാമർശം(1&2) പ്രകാരം നൽകിയിരിക്കുന്ന താഴെ പറയുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

1.പരീക്ഷ എഴുതുവാൻ വരുന്ന വിദ്യാർത്ഥികളിൽ ആർക്കെങ്കിലും രോഗലക്ഷണങ്ങൾ ഉണ്ടെങ്കിൽ അവരെ പ്രത്യേക മുറികളിൽ പരീക്ഷ എഴുതിക്കേണ്ടതാണ്.

2. എല്ലാ അധ്യാപകരും അനധ്യാപകരും പ്രവൃത്തി ദിവസങ്ങളിൽ കോളേജുകളിൽ ഹാജരാകേണ്ടതും പ്രവൃത്തി സമയം പൂർണമായും സ്ഥാപനങ്ങളിൽ തന്നെ ഉപയോഗിക്കേണ്ടതുമാണ്. കോളേജിലെ എല്ലാ സാങ്കേതിക-സാങ്കേതികേതര ജീവനക്കാർക്കും ഗസ്റ്റ് ഫാക്കൽറ്റികൾക്കും ഈ നിർദ്ദേശം ബാധകമാണ്.

3.ഗസ്റ്റ് ഫാക്കൽറ്റി ഉൾപ്പടെയുള്ള അധ്യാപകർ,സാങ്കേതിക ജീവനക്കാർ ഒറ്റയ്ക്കോ ഗ്രൂപ്പ് തിരിഞ്ഞോ ഈ അവസരം താഴെ പറയുന്ന വിധത്തിൽ ഫലപ്രദമായി ഉപയോഗിക്കേണ്ടതാണ്.

a)വിദ്യാർത്ഥികൾക്കായി ഓൺലൈൻ ക്ലാസ്സുകളും അസൈൻമെന്റുകളും തയ്യാറാക്കി അയച്ചു കൊടുക്കുക.

b)ചോദ്യ ബാങ്ക് തയ്യാറാക്കുക.

c)ബന്ധപ്പെട്ട പാഠ്യ വിഷയത്തിൽ ഒരു MOOC കോഴ്സ് വികസിപ്പിക്കുക.

d)സ്ഥാപനത്തിന് അക്രെഡിറ്റേഷനു വേണ്ടിയുള്ള ഡോക്യുമെന്റ് തയ്യാറാക്കുക.

e) MHRD തുടങ്ങിയ ഏജൻസികളിൽ നിന്നും റിസർച്ച് ഫണ്ട് ലഭ്യമാക്കുന്നതിനുള്ള പ്രൊപ്പോസലുകൾ തയ്യാറാക്കുക.

f)ഇന്റേർണൽ പരീക്ഷകൾ ഓൺലൈൻ ആയി നടത്തുക.

g)നഷ്ടപ്പെടുന്ന ക്ലാസ്സുകൾക്ക് പകരമായി വിദ്യാർത്ഥികൾക്ക് ആവശ്യമായ പഠന നിർദ്ദേശങ്ങൾ ഇ-മെയിൽ/ മൊബൈൽ ആപ്പ് എന്നിവയിലൂടെ നൽകുക.

h)ലാബിലെ യന്ത്രസാമഗ്രഹികളുടെ അറ്റകുറ്റ പണികൾ ചെയ്യുക, AMC മുതലായവ പുതുക്കുക.

Draft #1 of File 49838/AC A1/1/2019/REG SECT (PART-I) Approved by ASSISTANT REGISTRAR I (ACADEMIC) on 20-Mar-2020 03:57 PM - Page 2

i)ഗവേഷണ കേന്ദ്രങ്ങളിൽ പ്രത്യേകമായ ശ്രദ്ധ പതിപ്പിക്കുക.

j)ലൈബ്രറികളിൽ പുസ്തകങ്ങൾ ശരിയായി അടുക്കി വെക്കുക, KOHA സോഫ്റ്റ്‌വെയർ ഉപയോഗിച്ച് കാറ്റലോഗിങ് മറ്റു ഡിജിറ്റലൈസേഷൻ പ്രവർത്തികൾ പൂർത്തിയാക്കുക.

4.മേൽ പറഞ്ഞ കാര്യങ്ങൾ ചിട്ടയായും സമയബന്ധിതമായും തീർപ്പാക്കണമെന്ന് എല്ലാ വകുപ്പ് മേധാവികളും കോളേജ് പ്രിൻസിപ്പാൾ മാരും ഉറപ്പാക്കേണ്ടതാണ്. എല്ലാ പ്രവർത്തങ്ങളിലും പ്രിൻസിപ്പാളിന്റെ വ്യക്തിപരമായ ഇടപെടൽ ഉണ്ടാകേണ്ടതാണ്. ഇവക്കെല്ലാം ഗസ്റ്റ് ഫാക്കൽറ്റികളുടെ സേവനം ഉപയോഗിക്കേണ്ടതാണ്. കോളേജിന്റെ വികാസനോന്മുഖമായ പ്രവർത്തനങ്ങളിലും പ്ലാൻ ഫണ്ട് ഉപയോഗം സംബന്ധിച്ച ബില്ലുകൾ തയ്യാറാക്കുന്നതിനും പ്രിൻസിപ്പൽമാർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

5.കോളേജുകളിലെ അത്യാവശ്യ അറ്റകുറ്റ പണികൾ, ആനുവൽ സ്റ്റോക്ക് വെരിഫിക്കേഷൻ, നിലവിലുള്ള ഉപകരണങ്ങളുടെ ഡാറ്റാബേസ് തയ്യാറാക്കൽ, ഉപയോഗശൂന്യമായ ഉപകരണങ്ങളുടെ ലിസ്റ്റ് തയ്യാറാക്കി Clean Kerala Company ക്ക് നിയമാനുസൃതം കൈമാറേണ്ടതാണ്.

6.അനധ്യാപക ജീവനക്കാർ ഫയലുകൾ തീർപ്പാക്കണം, ക്ലാസ്/ക്യാമ്പസ് ശുചീകരണത്തിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

7.സർവ്വകലാശാല പരീക്ഷകൾ സംബന്ധിച്ചുള്ള സാധാരണ പ്രവർത്തനങ്ങളിൽ എല്ലാ അധ്യാപക/അനധ്യപക ജീവനക്കാരും പതിവുപോലെ സഹകരിക്കേണ്ടതാണ്.പ്രിൻസിപ്പൽമാർ ഇത് സംബന്ധിച്ച റിപ്പോർട്ട് ബന്ധപ്പെട്ട വകുപ്പ് മേധാവികൾക്കു സമർപ്പിക്കേണ്ടതാണ്.

സനൽകുമാർ ടി വി
അസിസ്റ്റന്റ് രജിസ്ട്രാർ 1 (അക്കാദമിക്)

പകർപ്പ് :

1.സർവ്വകലാശാലയിലെ എല്ലാ അഫിലിയേറ്റഡ് കോളേജുകൾ

2 .പി.ആർ.ഓ

3.വി.സി/പി.വി.സി എന്നിവരുടെ പി.എസ്

4.രജിസ്ട്രാർ/സി.ഇ എന്നിവരുടെ പി.എ

5. എ ആർ/ഡി ആർ/ജെ ആർ(അക്കാദമിക്)

6.കണ്ടെന്റ് മാനേജ്മന്റ് സെക്ഷൻ /എസി എ7/എസി ബി7

7. സ്റ്റോക്ക് ഫയൽ/ഫയൽ കോപ്പി

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

FAX 1/2

"ഭരണഭാഷ
മാതൃഭാഷ"

150 വർഷം മഹാത്മാവിനെ ഇന്ത്യ ആഘോഷിക്കുന്നു

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുഭരണം - കൊറോണ വൈറസ് (കോവിഡ്-19) ബാധയുടെ പശ്ചാത്തലത്തിൽ പ്രീ പ്രൈമറി, ഒന്നാം ക്ലാസ് മുതൽ ഏഴാം ക്ലാസ് വരെയുള്ള സ്കൂളുകളും, മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഒഴികെയുള്ള പ്രൊഫഷണൽ കോളേജുകൾ ഉൾപ്പടെയുള്ള എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും 2020 മാർച്ച് 31 വരെ അവധി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**പൊതുഭരണ (ഏകോപനം) വകുപ്പ്**

സ.ഉ.(കൈ)നം.41/2020/പൊ.ഭ.വ  തീയതി, തിരുവനന്തപുരം, 11/03/2020.

## ഉത്തരവ്

സംസ്ഥാനത്ത് കൊറോണ വൈറസ് (കോവിഡ്-19) ബാധ കണ്ടെത്തിയതിന്റെ പശ്ചാത്തലത്തിൽ പ്രീ പ്രൈമറി, ഒന്നാം ക്ലാസ് മുതൽ ഏഴാം ക്ലാസ് വരെയുള്ള സ്കൂളുകളും, മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഒഴികെയുള്ള പ്രൊഫഷണൽ കോളേജുകൾ ഉൾപ്പടെയുള്ള എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും 2020 മാർച്ച്-31 വരെ അവധി നൽകി ഉത്തരവാകുന്നു. ഈ നിയന്ത്രണം സി.ബി.എസ്.സി,ഐ.സി.എസ്.സി വിദ്യാലയങ്ങൾക്കും, അൺ എയ്ഡഡ് വിദ്യാലയങ്ങൾക്കും ബാധകമാണ്. ഹയർ സെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കണ്ടറി, എസ്.എസ്.എൽ.സി പരീക്ഷകളും, എട്ട്, ഒൻപത് ക്ലാസ്സുകളിലെ പരീക്ഷകളും മാറ്റിവയ്ക്കുന്നതല്ല. പരീക്ഷകൾ എഴുതാൻ വരുന്നവരിൽ ആർക്കെങ്കിലും രോഗ ലക്ഷണങ്ങൾ ഉണ്ടെങ്കിൽ അവരെ പ്രത്യേക മുറിയിൽ പരീക്ഷ എഴുതിക്കേണ്ടതും, പരീക്ഷകൾ ഒഴികെ, വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ യാതൊരുവിധ പഠന പ്രവർത്തനവും, ട്യൂഷൻ ക്ലാസുകൾ, സ്പെഷ്യൽ ക്ലാസുകൾ, അവധിക്കാല ക്ലാസുകൾ തുടങ്ങിയവ 2020 മാർച്ച്-31 വരെ അനുവദിക്കുന്നതല്ല. ഇതിന് ആവശ്യമായ നടപടികൾ ഉന്നത വിദ്യാഭ്യാസ വകുപ്പും, പൊതു വിദ്യാഭ്യാസ വകുപ്പും സ്വീകരിക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**കെ.ആർ.ജ്യോതിലാൽ**

പ്രിൻസിപ്പൽ സെക്രട്ടറി

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും, പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും, സെക്രട്ടറിമാർക്കും
ഗവർണറുടെ സെക്രട്ടറി, രാജ് ഭവൻ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
സെക്രട്ടറി, നിയമസഭാ സെക്രട്ടേറിയറ്റ്, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
അഡ്വക്കേറ്റ് ജനറൽ, കേരള, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം (ആമുഖ കത്ത് സഹിതം)
രജിസ്ട്രാർ, കേരള ലോകായുക്ത, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
രജിസ്ട്രാർ, കേരള /കാലിക്കറ്റ്/ കുസാറ്റ് /കണ്ണൂർ/മഹാത്മാഗാന്ധി - സർവ്വകലാശാലകൾ
രജിസ്ട്രാർ, കേരള കാർഷിക സർവ്വകലാശാല, മണ്ണുത്തി, തൃശ്ശൂർ
രജിസ്ട്രാർ, ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല, കാലടി. പി.ഒ, എറണാകുളം
രജിസ്ട്രാർ, കേരള യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് & അലൈഡ് സയൻസസ്,തൃശ്ശൂർ- 680 596
രജിസ്ട്രാർ, കേരള വെറ്റിനറി & ആനിമൽ സയൻസസ് യൂണിവേഴ്സിറ്റി, ക്യാമ്പ് ഓഫീസ്, പൂക്കോട്, വയനാട്

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

രജിസ്ട്രാർ, കേരള യൂണിവേഴ്സിറ്റി ഓഫ് ഫിഷറീസ് ആന്റ് ഓഷൻ സ്റ്റഡീസ്, പനങ്ങാട്, കൊച്ചി
മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്, പട്ടം, തിരുവനന്തപുരം, (ആമുഖ കത്ത് സഹിതം)
എല്ലാ ജില്ലാ കളക്ടർമാർക്കും
എല്ലാ വകുപ്പ മേധാവികൾക്കും
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ &ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം
എല്ലാ പൊതുമേഖലാ/സ്വയംഭരണ സ്ഥാപനങ്ങളുടേയും മേധാവികൾക്കും
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, സാങ്കേതിക വിദ്യാഭ്യാസ വകുപ്പ്, തിരുവനന്തപുരം
ഡയറക്ടർ, കോളേജ് വിദ്യാഭ്യാസ വകുപ്പ്, തിരുവനന്തപുരം
ഡയറക്ടർ, ഹയർ സെക്കണ്ടറി വകുപ്പ്, തിരുവനന്തപുരം
ഡയറക്ടർ, വൊക്കേഷണൽ ഹയർ സെക്കണ്ടറി വകുപ്പ്, തിരുവനന്തപുരം
ലേബർ കമ്മീഷണർ, തൊഴിൽ ഭവൻ, തിരുവനന്തപുരം
പൊതുവിദ്യാഭ്യാസ വകുപ്പ്
ഉന്നത വിദ്യാഭ്യാസ വകുപ്പ്
ആരോഗ്യ വകുപ്പ്
കാർഷിക വികസനവും കർഷകക്ഷേമവും വകുപ്പ്
മൃഗസംരക്ഷണവും ക്ഷീരവികസനവും വകുപ്പ്
ആയുഷ് വകുപ്പ്
പൊതുഭരണ (എസ്.സി) വകുപ്പ്
ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ്, (മാധ്യമങ്ങളിലൂടെ വിപുലമായ പ്രചരണത്തിന്)
വെബ് & ന്യൂ മീഡിയ (സർക്കാർ വെബ്സൈറ്റിൽ ചേർക്കുന്നതിന്)
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

**'ഭരണഭാഷ - മാതൃഭാഷ'**

**കേരള സർക്കാർ**

<u>സംഗ്രഹം</u>

ഉന്നത വിദ്യാഭ്യാസ വകുപ്പ്- കോറോണ (കോവിഡ്-19) – സംസ്ഥാനത്തെ പ്രൊഫഷണൽ കോളേജുകൾ ഉൾപ്പെടെയുള്ള ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് നിയന്ത്രിത അവധി - അധ്യാപക - അനധ്യാപക ജീവനക്കാർക്കുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവാകുന്നു.

==========================================================================

**ഉന്നത വിദ്യാഭ്യാസ (കെ) വകുപ്പ്**

സ.ഉ.(സാധാ) നം.424/2020 /ഉ.വി.വ. തീയതി, തിരുവനന്തപുരം,14.03.2020

പരാമർശം :- പൊതുഭരണ (ഏകോപന) വകുപ്പിന്റെ 11.03.2020-ലെ സ.ഉ.(കൈ) നം. 41/2020/പൊ.ഭ.വ നമ്പർ സർക്കാർ ഉത്തരവ്

**<u>ഉത്തരവ്</u>**

സംസ്ഥാനത്ത് കോറോണ വൈറസ് (കോവിഡ്-19) ബാധയെ തുടർന്നുള്ള അടിയന്തിര സാഹചര്യം മുൻനിർത്തി പ്രൊഫഷണൽ കോളേജുകൾ ഉൾപ്പെടെയുള്ള എല്ലാ കലാലയങ്ങൾക്കും 2020 മാർച്ച് 31 വരെ പൊതുഭരണ (ഏകോപന) വകുപ്പിന്റെ 11.03.2020-ലെ സ.ഉ.(കൈ) നം. 41/2020/പൊ.ഭ.വ നമ്പർ ഉത്തരവ് പ്രകാരം അവധി പ്രഖ്യാപിച്ചിരുന്നു. അതിനു തുടർച്ചയായി പ്രസ്തുത ദിവസങ്ങളിൽ ഉന്നത വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള പ്രൊഫഷണൽ കോളേജുകൾ ഉൾപ്പെടെയുള്ള എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലേയും കോളേജുകളിലേയും അധ്യാപക-അനധ്യാപക ജീവനക്കാർക്ക് താഴെ പറയുന്ന രീതിയിൽ പ്രവർത്തന മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവാകുന്നു.

I. എല്ലാ അധ്യാപകരും അനധ്യാപകരും പ്രവൃത്തി ദിവസങ്ങളിൽ കോളേജുകളിൽ ഹാജരാകേണ്ടതും പ്രവൃത്തി സമയം പൂർണ്ണമായും സ്ഥാപനത്തിൽ തന്നെ ഉണ്ടായിരിക്കേണ്ടതുമാണ്. കോളേജിലെ എല്ലാ സാങ്കേതിക - സാങ്കേതികേതര ജീവനക്കാർക്കും എല്ലാത്തരത്തിലുള്ള ഗസ്റ്റ് ഫാക്കൾട്ടികൾക്കും ഈ നിർദ്ദേശം ബാധകമാണ്.

II. ഗസ്റ്റ് ഫാക്കൾട്ടി ഉൾപ്പടെയുള്ള അധ്യാപകർ, സാങ്കേതിക ജീവനക്കാർ, ഒറ്റയ്ക്കോ ഗ്രൂപ്പ് തിരിഞ്ഞോ ഈ അവസരം ഇനി പറയുന്ന വിധത്തിൽ ഫലപ്രദമായി ഉപയോഗിക്കേണ്ടതാണ്.

1) വിദ്യാർത്ഥികൾക്കായി ഓൺലൈൻ ക്ലാസുകളും അസൈൻമെന്റുകളും തയ്യാറാക്കി അയച്ചു കൊടുക്കുക.
2) ചോദ്യ ബാങ്ക് തയ്യാറാക്കുക.
3) ബന്ധപ്പെട്ട പാഠ്യ വിഷയത്തിൽ ഒരു MOOC കോഴ്സ് വികസിപ്പിക്കുക.
4) സ്ഥാപനത്തിന്റെ അക്രഡിറ്റേഷന് (NACC, NBA) വേണ്ടിയുള്ള ഡോക്കുമെന്റേഷൻ പൂർത്തിയാക്കുക.
5) MHRD, തുടങ്ങിയ ഏജൻസികളിൽ നിന്നും റിസർച്ച് ഫണ്ട് ലഭ്യമാക്കുന്നതിന് ആവശ്യമായ പ്രൊപ്പോസലുകൾ തയ്യാറാക്കുക.

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

6) ഇന്റേണൽ പരീക്ഷകൾ ഓൺലൈനായി നടത്തുക.

7) നഷ്ടപ്പെടുന്ന ക്ലാസുകൾക്ക് പകരമായി വിദ്യാർത്ഥികൾക്ക് ആവശ്യമായ പഠന നിർദ്ദേശങ്ങൾ ഇ-മെയിൽ /മൊബൈൽ ആപ്പ് തുടങ്ങിയവയിലൂടെ നൽകുക.

8) ലാബിലെ യന്ത്രസാമഗ്രികളുടെ അറ്റകുറ്റ പണികൾ ചെയ്യുക. AMC മുതലായവ പുതുക്കുക.

9) ഗവേഷണ കാര്യങ്ങളിൽ പ്രത്യേകമായ ശ്രദ്ധ പതിപ്പിക്കുക.

10) ലൈബ്രറികളിൽ പുസ്തകങ്ങൾ ശരിയായി അടുക്കി വെക്കുക. കോഹ സോഫ്റ്റ് വെയർ ഉപയോഗിച്ച് കാറ്റലോഗിങ്, മറ്റു ഡിജിറ്റലൈസേഷൻ പ്രവർത്തികൾ പൂർത്തിയാക്കുക.

III. മേൽ പറഞ്ഞ കാര്യങ്ങൾ ചിട്ടയായും സമയബന്ധിതമായും തീർപ്പാക്കുന്നുവെന്ന് എല്ലാ വകുപ്പ് മേധാവികളും പ്രിൻസിപ്പൽമാരും ഉറപ്പാക്കേണ്ടതാണ്. എല്ലാ പ്രവർത്തനങ്ങളിലും പ്രിൻസിപ്പാളിന്റെ വ്യക്തിപരമായ ഇടപെടൽ ഉണ്ടാകേണ്ടതാണ്. ഇവക്കെല്ലാം ഗസ്റ്റ് ഫാക്കൽട്ടിയുടെ സേവനം കൂടി ഉപയോഗിക്കേണ്ടതാണ്. കോളേജിന്റെ വികസനോന്മുഖമായ പ്രവർത്തനങ്ങളിലും, പ്ലാൻ ഫണ്ട് ഉപയോഗം സംബന്ധിച്ച ബില്ലുകൾ തയ്യാറാക്കുന്നതിനും, പ്രിൻസിപ്പൽമാർ പ്രത്യേകം ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

IV. കോളേജുകളിലെ അത്യാവശ്യമായ അറ്റകുറ്റപണികൾ, ആന്വൽ സ്റ്റോക്ക് വെരിഫിക്കേഷൻ, നിലവിലുള്ള ഉപകരണങ്ങളുടെ data base തയ്യാറാക്കൽ, ഉപയോഗശൂന്യമായ ഉപകരണങ്ങളുടെ ലിസ്റ്റ് തയ്യാറാക്കി Clean Kerala Company-ക്ക് നിയമാനുസൃതം കൈമാറുക എന്നിവ നടത്തേണ്ടതാണ്.

V. അനധ്യാപക ജീവനക്കാർ ഫയലുകൾ തീർപ്പാക്കണം, ക്ലാസ്/ക്യാമ്പസ് ശുചീകരണത്തിനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

സർവ്വകലാശാല പരീക്ഷകൾ സംബന്ധിച്ചുള്ള സാധാരണ പ്രവർത്തനങ്ങളിൽ എല്ലാ അധ്യാപക അനധ്യാപക ജീവനക്കാരും പതിവുപോലെ സഹകരിക്കേണ്ടതാണ് പ്രിൻസിപ്പൽമാർ ഇതു സംബന്ധിച്ച റിപ്പോർട്ട് ബന്ധപ്പെട്ട വകുപ്പ് മേധാവികൾക്കും, വകുപ്പ് മേധാവികൾ ആയത് സംബന്ധിച്ച് നടപടി വിശദാംശങ്ങൾ സർക്കാരിനും അടിയന്തിരമായി സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം,)

**ഡോ.ഉഷ ടൈറ്റസ്**

**പ്രിൻസിപ്പൽ സെക്രട്ടറി**

1. കോളേജ് വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
2. സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
3. സ്റ്റേറ്റ് ലൈബ്രേറിയൻ, സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി, തിരുവനന്തപുരം
4. ഡയറക്ടർ, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹ്യൂമൻ റിസോഴ്സസ് ഡവലപ്പ്മെന്റ്, പ്രജോടവേഴ്സ്,വഴുതക്കാട്, തിരുവനന്തപുരം.
5. ഡയറക്ടർ, എൽ.ബി.എസ്. സെന്റർ ഫോർ സയൻസ് & ടെക്നോളജി, തിരുവനന്തപുരം
6. ഡയറക്ടർ, സെന്റർ ഫോർ കണ്ടിന്യൂയിംഗ് എജ്യൂക്കേഷൻ കേരള, ആനത്തറ ലെയൻ ചാരാച്ചിറ, കവടിയാർ പി.ഓ., തിരുവനന്തപുരം -3

7. പ്രിൻസിപ്പാൾ, ലോ കോളേജ്, തിരുവനന്തപുരം/തൃശ്ശൂർ/എറണാകുളം/കോഴിക്കോട്
8. രജിസ്ട്രാർ, കേരള സർവ്വകലാശാല, തിരുവനന്തപുരം/എം.ജി. സർവ്വകലാശാല, കോട്ടയം/ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല, കാലടി,എറണാകുളം/ കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല, കൊച്ചി/കാലിക്കറ്റ് സർവ്വകലാശാല, മലപ്പുറം/കണ്ണൂർ സർവ്വകലാശാല,കണ്ണൂർ/മലയാളം സർവ്വകലാശാല, തിരൂർ/ നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസ്, ന്യുവാൽസ് ക്യാമ്പസ്, എച്ച്.എം. റ്റി. കോളനി.പി.ഒ., കളമശ്ശേരി,എറണാകുളം/എ.പി.ജെ അബ്ദുൾ കലാം ടെക്നോളജിക്കൽ യൂണിവേഴ്സിറ്റി, കോളേജ് ഓഫ് എഞ്ചിനീയറിംഗ് ക്യാമ്പസ്, തിരുവനന്തപുരം.
9. ഡയറക്ടർ, കെ ആർ. നാരായണൻ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വിഷ്വൽ സയൻസ് ആന്റ് ആർട്സ്, തെക്കുംതല, കോട്ടയം-686 585
10. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ & ഇ), കേരള, തിരുവനന്തപുരം.
11. ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (റൂൾസ്) വകുപ്പ്.
12. വിവര-പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
13. www.highereducation.kerala.gov.in (പ്രസിദ്ധീകരണത്തിന്)
14. കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം